KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

Ref No:12404 28/01/2022

## സർക്കുലർ നമ്പർ 14/2022 (BD)

വിഷയം: വസ്തു ജാമ്യം സ്വീകരിക്കുന്നതിന് ശാഖകളിലും മേഖലാ ഓഫീസുകളിലും നിലവിലുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നത് സംബന്ധിച്ച്.

സൂചന : 1. സർക്കുലർ നമ്പർ 36/2018 (BD) തീയതി 17/09/2018.
2. സർക്കുലർ നമ്പർ 58/2019 (BD) തീയതി 11/12/2019.
3. സർക്കുലർ നമ്പർ 92/2021 (BD) തീയതി 04/12/2021.
4. സർക്കുലർ നമ്പർ 95/2021 (BD) തീയതി 24/12/2021.

****

വസ്തു ജാമ്യത്തിന്മേലുള്ള മേൽബാധ്യത അധികാരപരിധി പുതുക്കി നിശ്ചയിച്ചിരുന്നതിനെ തുടർന്ന് ശാഖകളിൽ നിന്നും വസ്തുവിന്റെ മൂല്യം നിർണ്ണയിക്കുന്നതിനുള്ളവരുടെ അധികാരപരിധിയിലും മാറ്റം വരുത്തണമെന്ന ആവശ്യം ഉയർന്നിരുന്നു. ആയത് പ്രകാരം വസ്തുവിന്റെ മൂല്യ നിർണ്ണയത്തിനുള്ള അധികാരപരിധി താഴെ പറയുന്ന രീതിയിൽ പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

| ക്രമ നമ്പർ | മൂല്യ നിർണ്ണയം | നിലവിലെ പരിധി (ബാധ്യത) | പുതുക്കി നിശ്ചയിച്ച പരിധി (ബാധ്യത) |
|---|---|---|---|
| 1. | ശാഖാ മാനേജർ | 5 ലക്ഷം രൂപ വരെ | 10 ലക്ഷം രൂപ വരെ |
| 2. | ശാഖാ മാനേജരും അംഗീകൃത പരിശോധകനും | 5 ലക്ഷം രൂപയ്ക്ക് മുകളിൽ 15 ലക്ഷം രൂപ വരെ | 10 ലക്ഷം രൂപയ്ക്ക് മുകളിൽ 20 ലക്ഷം രൂപ വരെ |
| 3. | ശാഖാ മാനേജർ, മറ്റൊരു ശാഖയിലെ മാനേജർ/ അസി. മാനേജർ അല്ലെങ്കിൽ ഡെപ്യൂട്ടി മാനേജർ അംഗീകൃത പരിശോധകൻ എന്നിവരടങ്ങിയ കമ്മിറ്റി | 15 ലക്ഷം രൂപയ്ക്ക് മുകളിൽ | 20 ലക്ഷം രൂപയ്ക്ക് മുകളിൽ |

സൂചന (4) സർക്കുലർ പ്രകാരം ശാഖാ തലത്തിൽ വസ്തു ജാമ്യം സ്വീകരിക്കേണ്ടതിന്റെ അധികാര പരിധി ഉയർത്തിയ സാഹചര്യത്തിൽ മേഖലാ തലത്തിൽ **ചിട്ടി പദ്ധതിയിലെ** വിവേചനാധികാരം താഴെ പറയുന്ന രീതിയിൽ പുതുക്കി നിശ്ചയിച്ചിരിക്കുന്നു.

| മേഖലാ പരിധി | | | |
|---|---|---|---|
| സീനിയർ മാനേജർ | സീനിയർ/ ചീഫ് മാനേജർ | അസി.ജനറൽ മാനേജർ (മേഖല) | |
| നിലവിലുള്ളത് | പുതുക്കിയത് | നിലവിലുള്ളത് | പുതുക്കിയത് |
| 20 ലക്ഷം രൂപയ്ക്ക് മുകളിൽ 25 ലക്ഷം രൂപ വരെ | 20 ലക്ഷം രൂപയ്ക്ക് മുകളിൽ 40 ലക്ഷം രൂപ വരെ | 25 ലക്ഷം രൂപയ്ക്ക് മുകളിൽ 5 കോടി രൂപ വരെ | 40 ലക്ഷം രൂപയ്ക്ക് മുകളിൽ 5 കോടി രൂപ വരെ |

Confidential

എന്നാൽ വായ്പാ പദ്ധതികളിൽ മേഖലാ തലത്തിൽ വസ്തു ജാമ്യം സ്വീകരിക്കുന്നതിനുള്ള അധികാര പരിധി നിലവിലുള്ളത് തന്നെ തുടരുന്നതാണ്. മേൽ സൂചിപ്പിച്ച മാറ്റങ്ങൾ 01/02/2022 മുതൽ നിലവിൽ വരുന്നതാണ്.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**സുബ്രഹ്മണ്യൻ വി.പി**
**മാനേജിംഗ് ഡയറക്ടർ**

**To:- എല്ലാ ശാഖാ തലവന്മാർക്കും**

പകർപ്പ്

1. എല്ലാ മേഖലാ ഓഫീസുകൾക്കും
2. എല്ലാ IAD ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
3. MD യുടെ PA
4. ഹെഡോഫീസിലെ എല്ലാ വകുപ്പ് മേധാവികൾക്കും
5 എല്ലാ SDT ഓഫീസുകൾക്കും
6. സർക്കുലർ ഫയൽ

Confidential